# പതിമൂന്നാം കേരള നിയമസഭ

## ഏഴാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ടചോദ്യം നം. * 83** **07.02.2013-ലെ മറുപടിക്ക്**

## സ്വാശ്രയ മെഡിക്കൽ കോളേജുകളിലെ പ്രവേശന തട്ടിപ്പ്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. റ്റി. വി. രാജേഷ് :<br>ശ്രീ. എം. എ. ബേബി :<br>ശ്രീ. പി. ശ്രീരാമകൃഷ്ണൻ :<br>ശ്രീ. കെ. സുരേഷ് കുറുപ്പ് : | ശ്രീ. വി. എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) സർക്കാരുമായി കരാറിലേർപ്പെടാത്ത സ്വകാര്യ സ്വാശ്രയ മെഡിക്കൽ കോളേജുകളിൽ പ്രവേശന തട്ടിപ്പ് നടത്തിയ കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; വിശദാംശം ലഭ്യമാക്കുമോ ;<br><br>(ബി) പ്രസ്തുത കോളേജുകൾക്കെതിരെ ഇതുവരെ എന്ത് നടപടി സ്വീകരിച്ചുവെന്ന് അറിയിക്കുമോ ; | (എ) & (ബി)<br>2012-13 അധ്യായന വർഷത്തെ എം.ബി.ബി.എസ്. പ്രവേശനത്തിൽ കരുണാ മെഡിക്കൽ കോളേജ്, പാലക്കാട്, കണ്ണൂർ മെഡിക്കൽ കോളേജ്, കണ്ണൂർ എന്നീ സ്വകാര്യ സ്വാശ്രയ മെഡിക്കൽ കോളേജുകൾ മെരിറ്റ് മാനദണ്ഡം അട്ടിമറിച്ചതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുകയുണ്ടായി. ഇപ്രകാരം നിയമാനുസൃതമല്ലാതെ പ്രവേശനം നടത്തിയത് സംബന്ധിച്ച് ബന്ധപ്പെട്ട മാനേജ്മെന്റുകളോട് സർക്കാർ വിശദീകരണം ആവശ്യപ്പെടുകയുണ്ടായി. പ്രസ്തുത മാനേജ്മെന്റുകൾ സമർപ്പിച്ച മറുപടി റിപ്പോർട്ടുകൾ പ്രവേശന പരീക്ഷാ കമ്മീഷണറുടെ സഹായത്തോടെ സൂക്ഷ്മ പരിശോധന നടത്തിയതിൽ എം.ബി.ബി.എസ്. കോഴ്സിന് ടി മാനേജ്മെന്റുകൾ നടത്തിയ പ്രവേശന നടപടികളിൽ നിരവധി ക്രമക്കേടുകൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടതിനാൽ 2012-13 വർഷത്തെ എം.ബി.ബി.എസ്. കോഴ്സ് നടത്തുന്നതിനുള്ള മേൽ പറഞ്ഞ കോളേജുകളുടെ അംഗീകാരം റദ്ദാക്കണമെന്ന് സർക്കാർ മെഡിക്കൽ കൗൺസിൽ ഓഫ് ഇന്ത്യയോടും കേരള ആരോഗ്യ സർവ്വകലാശാലയോടും ആവശ്യപ്പെട്ടിട്ടുണ്ട്. പ്രവേശന നടപടികളുടെ ക്രമക്കേട് സംബന്ധിച്ച പരിശോധന നടത്തുന്നതിന് സർവ്വകലാശാല രൂപീകരിച്ച 5 അംഗ അന്വേഷണ കമ്മീഷന്റെ ശുപാർശയുടെ അടിസ്ഥാനത്തിലും സർവ്വകലാശാല ഗവേണിംഗ് കൗൺസിലിന്റെ തീരുമാന പ്രകാരവും കണ്ണൂർ മെഡിക്കൽ കോളേജിനും കരുണാ മെഡിക്കൽ കോളേജിനും ആരോഗ്യ സർവ്വകലാശാല കാരണം കാണിക്കൽ നോട്ടീസ് നൽകിയിട്ടുണ്ട്. |

പ്രവേശന യോഗ്യത ഇല്ലെന്ന് കണ്ടെത്തിയ കണ്ണൂർ മെഡിക്കൽ കോളേജിലെ 6 വിദ്യാർത്ഥികളെയും പ്രവേശന മാനദണ്ഡങ്ങൾക്ക് വിരുദ്ധമായി പ്രവേശിപ്പിച്ച കരുണാ മെഡിക്കൽ കോളേജിലെ 3 വിദ്യാർത്ഥികളെയും രജിസ്ട്രർ ചെയ്യേണ്ടാ എന്നും സർവ്വകലാശാലാ ഗവേണിംഗ് കൗൺസിൽ തീരുമാനിച്ചിട്ടുണ്ട്.

(സി) അംഗീകാരം റദ്ദാക്കാതിരിക്കാനായി മാനേജ്മെന്റുകൾ കോടതിയെ സമീപിച്ചപ്പോൾ സർക്കാരിനുവേണ്ടി ഹാജരായ അഡീഷണൽ അഡ്വക്കേറ്റ് ജനറൽ ഉന്നയിച്ച വാദങ്ങൾ എന്താണെന്നറിയിക്കുമോ ;

(സി) 2012–13 അധ്യയന വർഷത്തിൽ എം.ബി.ബി.എസ്. കോഴ്സ് നടത്തുന്നതിനുള്ള അംഗീകാരം റദ്ദാക്കണമെന്ന സർക്കാർ നിർദ്ദേശത്തിനെതിരായി WP(C) 26697/12, WP(C) 26676/12 എന്നീ നമ്പരുകളിലുള്ള റിട്ട് ഹർജികളിലൂടെ യഥാക്രമം കണ്ണൂർ മെഡിക്കൽ കോളേജും കരുണാ മെഡിക്കൽ കോളേജും ബഹു: കേരളാ ഹൈക്കോടതിയിൽ കേസ് ഫയൽചെയ്യുകയുണ്ടായി. അഡ്മിഷൻ സംബന്ധിച്ച പരാതികൾ പരിശോധിക്കുന്നതിനുള്ള അധികാരം നിയമപരമായി ജസ്റ്റീസ് പി.എ. മുഹമ്മദ് ചെയർമാനായിട്ടുള്ള അഡ്മിഷൻ സൂപ്പർവൈസറി കമ്മിറ്റിക്കാണെന്നും ആയതിനാൽ സർക്കാരിന് അധികാരമില്ലെന്നും മാനേജ്മെന്റുകൾ വാദിച്ചു. ഇതിനെ ഖണ്ഡിച്ചുകൊണ്ട് അഡ്മിഷൻ സൂപ്പർവൈസറി കമ്മിറ്റി നടപടി എടുക്കാത്ത കേസുകളിൽ സർക്കാരിന് നടപടി എടുക്കാമെന്ന സുപ്രീം കോടതി വിധി ഉദ്ധരിച്ചുകൊണ്ട് അഡീഷണൽ അഡ്വക്കേറ്റ് ജനറൽ സർക്കാരിനുവേണ്ടി വാദം നടത്തി. ഇതേ തുടർന്ന് സർക്കാർ ഉത്തരവിന് കോടതി സ്റ്റേ നൽകിയില്ല. മറിച്ച് ആരോഗ്യ സർവ്വകലാശാലയ്ക്ക് തുടർ നടപടികളുമായി മുന്നോട്ട് പോകാമെന്ന് ഉത്തരവിടുകയും ചെയ്തു. ഇതേ തുടർന്ന് കേരള ആരോഗ്യ സർവ്വകലാശാല വൈസ് ചാൻസിലർ ബന്ധപ്പെട്ട കോളേജുകൾക്കെതിരെ നടപടി സ്വീകരിച്ചുകൊണ്ട് 09.01.2013–ൽ ഉത്തരവിറക്കി. ഈ ഉത്തരവ് ചോദ്യം ചെയ്തുകൊണ്ട് മാനേജ്മെന്റുകൾ പുതിയ റിട്ട് ഹർജി നൽകിയെങ്കിലും ഒരു കേസിലും സർക്കാരിന്റെ വാദം കണക്കിലെടുത്ത് സ്റ്റേ അനുവദിച്ചിട്ടില്ല. കേസുകൾ ഹൈക്കോടതിയുടെ പരിഗണനയിലാണ്.

(ഡി) കരാറിലേർപ്പെടാത്ത മറ്റ് മാനേജ്മെന്റുകളുടെ കീഴിലുള്ള കോളേജുകളിലും പരിശോധന നടത്താനായി ഒരു സമിതിയെ നിയോഗിക്കുമോ ?

(ഡി) കേരള ആരോഗ്യ സർവ്വകലാശാലയിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള മറ്റ് മെഡിക്കൽ വിദ്യാഭ്യാസ സ്ഥാപനങ്ങളോട് പ്രവേശന നടപടികളെ സംബന്ധിച്ച വിശദാംശങ്ങൾ ഹാജരാക്കുന്നതിന് ആരോഗ്യ സർവ്വകലാശാല നിർദ്ദേശം നൽകിയിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**

പതിമൂന്നാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. *84 — 7.2.2013-ലെ മറുപടിക്ക്

## അനാരോഗ്യം സൃഷ്ടിക്കുന്നതിൽ മദ്യത്തിനുള്ള പങ്ക്

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. പി.കെ. ബഷീർ<br>ശ്രീ. എം.പി. അബ്ദുസ്സമദ് സമദാനി<br>ശ്രീ. സി. മമ്മൂട്ടി<br>ശ്രീ. പി.ബി. അബ്ദുൾ റസാക് | ശ്രീ. വി.എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| എ) സംസ്ഥാനത്തെ ആരോഗ്യ കേന്ദ്രങ്ങളിൽ ചികിത്സ തേടിയെത്തുന്നവരിൽ, രോഗഹേതുവായ ഘടകങ്ങളിൽ, മദ്യത്തിനുള്ള പങ്കിനെക്കുറിച്ച് പരിശോധിക്കാൻ എന്തെങ്കിലും സംവിധാനം ഇപ്പോൾ നിലവിലുണ്ടോ; | ബി) ആരോഗ്യ കേന്ദ്രങ്ങളിൽ ചികിത്സ തേടിയെത്തുന്നവരിൽ, രോഗത്തെക്കുറിച്ചുള്ള വിവരങ്ങൾ ആരായുന്നതിന്റെ ഭാഗമായി ഡോക്ടർമാർ മദ്യപാനശീലത്തെക്കുറിച്ചുള്ള വിവരങ്ങൾ ആരായുകയും അതനുസരിച്ച് ആവശ്യമായ കൗൺസിലിംഗ് നൽകുകയും ചെയ്യാറുണ്ട്. ആരോഗ്യവകുപ്പ് നടത്തി വരുന്ന ആരോഗ്യ പ്രവർത്തനങ്ങളുടെ ഭാഗമായി മദ്യത്തിന്റെ ദോഷവശങ്ങളെക്കുറിച്ചുള്ള ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്താറുണ്ട്. ആരോഗ്യ വകുപ്പ് വഴി , അടുത്തയിടെ നടപ്പിലാക്കാനാരംഭിച്ച ജീവിതശൈലി രോഗ നിയന്ത്രണ പരിപാടിയുടെ ഭാഗമായും ഈ പ്രവർത്തനങ്ങൾക്ക് പ്രത്യേക ഊന്നൽ നൽകുന്നുണ്ട്. രോഗഹേതുവായ ഘടകങ്ങളിൽ മദ്യത്തിനുള്ള പങ്കിനെക്കുറിച്ച് പരിശോധിക്കാൻ ആരോഗ്യ വകുപ്പിൽ മറ്റ് സംവിധാനങ്ങളൊന്നും നിലവിലില്ല. |
| ബി) അനാരോഗ്യം സൃഷ്ടിക്കുന്നതിൽ മദ്യത്തിനുള്ള പങ്കിനെക്കുറിച്ചുള്ള പഠനം രോഗികളിൽ എപ്പോഴെങ്കിലും നടത്തിയിട്ടുണ്ടോ; എങ്കിൽ, അതു സംബന്ധിച്ച വിവരങ്ങൾ വെളിപ്പെടുത്തുമോ; | ബി) & സി) ആരോഗ്യ വകുപ്പ് വഴി ഇത് സംബന്ധിച്ച പഠനങ്ങളൊന്നും നടത്തിയിട്ടില്ല |
| സി) ഈ വിഷയത്തിൽ സംസ്ഥാനത്തെ സ്വകാര്യ ആരോഗ്യ സ്ഥാപനങ്ങളിലുൾപ്പെടെ സമഗ്രമായ ഒരു പഠനം ഒരു കാലപരിധിക്കുള്ളിൽ നടത്തുകയും, ശേഖരിക്കുന്ന വിവരങ്ങൾ പ്രസിദ്ധപ്പെടുത്തുകയും ചെയ്യുമോ? | |

സെക്ഷൻ ഓഫീസർ